LIBRARY ARCHIVES Kerala Legislative Assembly

ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ആശ്വാസം

102 [107] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടക്കെണി മൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ആശ്വാസം നൽകുന്നത് സംബന്ധിച്ച് മുൻ സർക്കാരിന്റെ കാലത്ത് കർഷക സംഘടനകളുമായി നടത്തിയ ചർച്ചയുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കുടുംബങ്ങൾക്കും കർഷകർക്കും പ്രഖ്യാപിച്ചതും വിതരണം ചെയ്തതുമായ ആനുകൂല്യങ്ങൾ ഏതെല്ലാമാണ്;

(സി) ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം വിശദമാക്കാമോ;

(ഡി) ഇവരുടെ എണ്ണം കണക്കാക്കുന്നതിന് സ്വീകരിച്ച സംവിധാനം എന്താണ്;

(ഇ) ആത്മഹത്യ സംബന്ധിച്ച് പോലീസ് തയ്യാറാക്കിയ മഹസറിൽ കടക്കെണിമൂലമെന്ന വിവരം ഇല്ലാത്തതിനാൽ കർഷകർക്ക് ആനുകൂല്യം നിഷേധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ ആന്റ് ബി) മുൻ മുഖ്യമന്ത്രി കർഷക സംഘടനകളുമായി ചർച്ച നടത്തിയിരുന്നു. വരൾച്ചമൂലം ദുരിതമനുഭവിക്കുന്ന കർഷകർക്ക് ഗവൺമെന്റ് നിരവധി ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) 2000 മുതൽ 2004 വരെ കൃഷി നാശത്തെയും തകർച്ചയേയും തുടർന്ന് സംസ്ഥാനത്ത് 218 പേർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ഡി) ജില്ലാ കളക്ടർമാരുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പാണ് എണ്ണം കണക്കാക്കുന്നത്.

(ഇ) ഇല്ല.

† അനുബന്ധം V (എ) കാണുക.